കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി4/747/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 20.06.2017

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധ പ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി4/747/2017 തീയതി:20.06.2017

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.10.2016 മുതൽ 5.06.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സി.വൈ.സലീം,ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05.06.2017മുതൽ 14.06.2017 വരെ | സുജ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ )<br>സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഷീബ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ. രഞ്ജിത്ത് | 01.04.2016 മുതൽ 31.03.2017 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. പ്രേംകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി . സുമാറാണി | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | സീനിയർ വെറ്ററിനറി സർജൻ | ഡോ.ഷൈജു.സി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുമാ.ബി | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ. നിസാം അലി | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. രജിത ശേഖർ | 01.04.2016 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീകലാദേവി.എം.പി | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | ക്ഷീര വികസന ഓഫീസർ | ശ്രീമതി. മേരി | 01.04.2016 മുതൽ 31.03.2017 വരെ |
| 8 | പ്രധാനാദ്ധ്യാപിക, ഗവ.എൽ.പി.എസ്. | ശ്രീമതി. രാജേശ്വരി അമ്മ | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ദീപ്തി നായർ | 01.04.2016 മുതൽ 21.09.2016 വരെ |
| | | ശ്രീമതി. അന്നമ്മ | 22.09.2016 മുതൽ 31.03.2017 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബീനാ ശ്രീകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സരിതാ ഭാർഗ്ഗവൻ | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | | ഭാഗം.1 |
| 1 | 1-1മുതൽ 1-10 വരെ | പൊതു അവലോകനം |
| | | ഭാഗം.2 |
| 2 | 2-1 | തനത് വരുമാനം വർദ്ധിപ്പിക്കൽ -പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല |
| 3 | 2-2 | തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല |
| 4 | 2-3 | ഓ.ഡി.എഫ് - സ്വച്ഛ ഭാരത് മിഷൻ ഫണ്ട് ലഭ്യമായില്ല |
| | | ഭാഗം.3 |
| 5 | 3-1 | അഗതിആശ്രയ-പദ്ധതിനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല |
| 6 | 3-2 | വെള്ളക്കരത്തിന്റെ കുടിശ്ശിക- തനതു ഫണ്ടിന് അധിക ബാദ്ധ്യത |
| 7 | 3-3 | പാലിയേറ്റീവ് കെയർ- മരുന്നും ഉപകരണങ്ങളും ലഭിച്ചിട്ടില്ല |
| 8 | 3-4 | ഹോമിയോ മരുന്ന വാങ്ങൽ - മരുന്നപൂർണ്ണമായും ലഭ്യമായില്ല |
| 9 | 3-5 | ആയുർവേദാശുപത്രികൾക്ക് മരുന്ന വാങ്ങൽ-മരുന്ന് ലഭ്യത പൂർണ്ണമല്ല |
| 10 | 3-6 | സംയുക്തപ്രോജക്ടുകളുടെ നടത്തിപ്പ് -സർക്കാർ ഉത്തരവ് പാലിച്ചില്ല |

| | | |
|---|---|---|
| 11 | 3-7 | ഓണം അഡ്വാൻസ് അനവദിച്ചത് തിരികെ ലഭിച്ചില്ല (ചെക്ക് നം.16498 6.9.16– എ.ഡി.സി.ബി) |
| 12 | 3-8 | അംഗൻവാടി കെട്ടിടങ്ങൾ ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 13 | 3-9 | ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 14 | 3-10 | കെ.എസ്.ഇ.ബിയുമായി ഏർപ്പെട്ട കരാർ പഞ്ചായത്തിന്റെ താൽപ്പര്യങ്ങൾക്കു വിരുദ്ധം |
| 15 | 3-11 | പദ്ധതി പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു |
| 16 | 3-12 | വസ്തു ആർജ്ജിക്കൽ അപാകതകൾ -മരാമത്ത് പണികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കേണ്ടി വരുന്നു |
| 17 | 3-13 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് -സംയുക്ത പരിശോധന അനിവാര്യം |
| 18 | 3-14 | ഓഫീസ് ആവശ്യത്തിന് ബുക്ക് ചെയ്ത വാഹനം ലഭിച്ചിട്ടില്ല |
| 19 | 3-15 | കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി -അവലോകനം |
| | | ഭാഗം.4 |
| 20 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 03.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 88379544 | 83660567 |
| വാർഷിക കണക്കുപ്രകാരം | 33793060 | 34567198 |

പ്രതീക്ഷിത വരവുചെലവുകൾ യഥാർത്ഥ വരവു ചെലവുകളിൽ നിന്ന് വലിയ അന്തരം പുലർത്തുന്നു. വിഭവസമാഹരണത്തിൽ ലഭിക്കുമെന്ന് ഉറപ്പില്ലാത്ത വിഹിതങ്ങൾ ഉൾപ്പെടുത്തി പ്രതീക്ഷിതവരവ് കൂട്ടിക്കാണിക്കുന്നത് ശരിയല്ല. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 28.04.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം 4-1 ൽ ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6085655 |
| വരവ് | 33793060 |
| ആകെ | 39878715 |
| ചെലവ് | 34567198 |
| നീക്കിയിരിപ്പ് | 5311517 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9225000 | 7583457 | 82.2 |
| വികസനഫണ്ട് എസ്.സി.പി. | 2625297 | 2622609 | 99.9 |
| വികസനഫണ്ട് ടി.എസ്.പി. | 79560 | 65325 | 82.1 |
| സംരക്ഷണഗ്രാന്റ് റോഡ് | 5182185 | 417514 | 8.1 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 1927577 | 75.5 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5174104 | 4071211 | 78.7 |
| പെർഫോമൻസ് ഗ്രാന്റ് | 3639112 | 2123302 | 58.4 |
| എം.എൻ.ആർ.ഇ. ജി.എസ്. | 38937071 (മുന്നിരിപ്പ് 4039/-രൂപ ഉൾപ്പെടെ) | 38811995 | 99.7 (നീക്കിയിരിപ്പ് 125076/-രൂപ ഉൾപ്പെടെ) |
| ബി ഫണ്ട് | 30728320 | 30728320 | 100 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 84 | 37115111 | 51 | 22003992 | 11 | 22 | 61 |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 04%ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1731226 | 3414208 | +1682982 | +97% |
| നികുതിയേതര വരവുകൾ | 405767 | 268293 | - 137474 | -33.9% |
| മറ്റ് വരവുകൾ | 1803661 | 276244 | - 1527417 | -84.7% |
| ആകെ | 3940654 | 3958745 | 18091 | +0.4% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 229920 | 126 |
| കർഷകതൊഴിലാളി പെൻഷൻ | 2927800 | 285 |
| വിധവാപെൻഷൻ | 9356000 | 841 |
| വാർദ്ധക്യകാലപെൻഷൻ | 14888200 | 1344 |
| വികലാംഗപെൻഷൻ | 2540000 | 256 |
| അവിവാഹിതപെൻഷൻ | 486400 | 42 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 300000 | 10 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 23506/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.05.2017 | 04/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2008 | 1997/98-2007/08 | 11.06.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനത് വരുമാനം വർദ്ധിപ്പിക്കൽ -പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

പഞ്ചായത്തിലെ നികുതി പിരിവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകൾ, ബാങ്ക് പാസ്ബുക്ക്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ തനത് ഫണ്ട് തീരെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 10 ലക്ഷം രൂപയിൽ താഴെയാണ് പ്രതിമാസ നീക്കിയിരിപ്പ്. തനതുവരുമാനം തീരെ കുറവായ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ നികുതി പിരിവിൽ വീഴ്ചയുള്ളതായി ബോദ്ധ്യപ്പെട്ടു. നികുതി പിരിവുമായി ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

എ) ഡി & ഒ ലൈസൻസ് - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പഞ്ചായത്ത് പ്രദേശത്ത് കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നത് ഉചിതമല്ല. പഞ്ചായത്തിന്റെ പരിധിയിൽ ധാരാളം ധനകാര്യ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയലുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും ലൈസൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. പഞ്ചായത്ത് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 313 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 126 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. നിയമവിരുദ്ധമായി അനേകം സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടും പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃത മായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 7 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 126 വ്യാപാരികളിൽ 10 പേർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഡി) തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടില്ല

താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1. കണ്ടല്ലൂർ സി.വി.എസ് ലിമിറ്റഡ് നം.84

2. കണ്ടല്ലൂർ തെക്ക് സി.വി.എസ് ലിമിറ്റഡ് നം.322

3. കണ്ടല്ലൂർ വടക്ക് സി.വി.എസ് ലിമിറ്റഡ് നം.153

4. സി.വി.എസ് ലിമിറ്റഡ് നം. 654

5. സി.വി.എസ് ലിമിറ്റഡ് നം. 657

6. സി.വി.എസ് ലിമിറ്റഡ് നം. 661

7. സി.വി.എസ് ലിമിറ്റഡ് നം. 696

8. സി.വി.എസ് ലിമിറ്റഡ് നം. 707

9. സി.വി.എസ് ലിമിറ്റഡ് 808

10. സി.വി.എസ് ലിമിറ്റഡ് നം. 883

ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവരുടെ അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ഇ) ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ അൺഎയിഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007, പൊ.വി. 01.08.2007 പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/ പി.ഡബ്ല്യൂ & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ജനശക്തി പബ്ലിക് സ്കൂൾ, ശാന്തിനികേതൻ എന്നീ സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ടി സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫിറ്റ്നെസ് ഫീസീടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

എഫ്) പരസ്യ നികുതി ഈടാക്കുന്നില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യം പ്രദർശിപ്പിച്ചാൽ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ്. പഞ്ചായത്തിലെ 2016-17 ലെ വാർഷിക ധനകാര്യപത്രിക പരിശേധിച്ചതിൽ പരസ്യ ഇനത്തിൽ വരവ് വന്നിട്ടില്ല. ബൈലാ തയ്യാറാക്കി പരസ്യ നികുതി ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-01-2011ലെ 19/2011 നമ്പർ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി, ലഭ്യമായ തോതിന് (400-500) അനുസൃതമായി, നിശ്ചയിച്ച് ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം വസ്തുനികുതി ച. മീറ്ററിന് കുറഞ്ഞത് 500/- രൂപയാണ്. ഗ്രാമ പഞ്ചയത്തിന്റെ വസ്തുനികുതി രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി തൻവർഷം ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | മൊബൈൽ കമ്പനി | ടവറിന്റെ അളവ് | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | എസ്സാർ ടെലികോം ഇൻഫ്രാ സ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 12 $M^2$ | 6000 |

| | | | |
|---|---|---|---|
| 2 | ഇൻഡസ് ടവ്വേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം, കൊച്ചി | 12 $M^2$ | 6000 |
| 3 | ഭാരത് എയർടെൽ ലിമിറ്റഡ്, കണ്ടല്ലൂർ | 35 $M^2$ | 17500 |
| 4 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, കണ്ടല്ലൂർ | 24 $M^2$ | 12000 |
| | | ആകെ | 41500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14 തീയതി.13.6.2017 ന് ടവ്വറുകളുടെ വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. മേൽ തുക, 12 ശതമാനം പലിശ സഹിതം കമ്പനികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

തനത് ഫണ്ട് തീരെ കുറവുള്ളതും ദൈനംദിന ചെലവുകൾക്കുപോലും വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമായ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ടി വിഷയം ഗൗരവമായി കണ്ട് പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വരവ് നിക്ഷേപിച്ചിരിക്കുന്നത് ജില്ലാസഹകരണ ബാങ്കിന്റെ കായംകുളം ശാഖയിലെ 0118-ാം നമ്പർ സേവിംഗ്സ് അക്കൗണ്ടിലാണ്. പാസ്ബുക്ക് പ്രകാരം ഓരോ മാസവും ശരാശരി 10 ലക്ഷം രൂപയുടെ നീക്കിയിരുപ്പ് നിലനിൽക്കുന്നുണ്ട്. എന്നാൽ ഈ അക്കൗണ്ടിലെ നിക്ഷേപത്തിന് യാതൊരു തുകയും പലിശ ഇനത്തിൽ പഞ്ചായത്തിന് ലഭിയ്ക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8 തീയതി. 22.04.2016 നുള്ള മറുപടിയിൽ പലിശ കിട്ടാനായി മാനേജർക്ക് കത്ത് നൽകുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിയ്ക്കുക.

## 2-3 ഓ.ഡി.എഫ് - സ്വച്ഛ ഭാരത് മിഷൻ ഫണ്ട് ലഭ്യമായില്ല

കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വെളിയിട വിസർജ്ജന വിമുക്തപദ്ധതി പ്രകാരം 140 കക്കൂസുകൾ നിർമ്മിച്ചിരുന്നു. ഇതിനായി 16,80,000/- രൂപ സ്വച്ഛഭാരതമിഷനിൽ നിന്ന് ലഭിക്കേണ്ടിയിരുന്നു. തൊഴിലുറപ്പ് ഫണ്ട് ഉപയോഗിച്ചാണ് ODF പ്രോജക്ടുകൾ പൂർത്തിയാക്കി യിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള സ്വച്ഛഭാരതമിഷൻ വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഗതിആശ്രയ-പദ്ധതിനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

ആശ്രയപദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അതിജീവനാവശ്യങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിറവേറ്റപ്പെടേണ്ടതും, വീട് വെക്കാൻ സ്ഥലം, വീട്, കുടിവെള്ളം, കക്കൂസ്സ്, വീട് റിപ്പയർ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ഫണ്ട് സ്ഥാപനം വഹിക്കേണ്ടതുമാണ്. മുൻപദ്ധതി നിർദ്ദേശങ്ങൾ പ്രകാരം അടിസ്ഥാന ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിലെ ആദ്യഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടത്. എന്നാൽ ആശ്രയപദ്ധതിയിൽ പ്പെടുന്നവർക്കായി തുച്ഛമായ തുക വകയിരുത്തി പ്രത്യേകപദ്ധതികൾ തയ്യാറാക്കി ചെലവുചെയ്യുന്ന രീതിയാണ് പഞ്ചായത്ത് പിൻതുടരുന്നത്. ഏറ്റവും അർഹരായവരുടെ ആവശ്യം നിറവേറപ്പെടുന്നതിന് മുമ്പ് അതിലും ഉയർന്നശേഷിയുള്ള മറ്റുവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നു. ആശ്രയപദ്ധതിയിൽ പ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾക്കു ശേഷവും നിറവേറ്റപ്പെടാതെ പോകുന്നു. ഇത് ക്രമപ്രകാരമല്ല. അടിസ്ഥാന സൗകര്യവികസനത്തിൽ അഗതി കുടുംബാംഗങ്ങൾക്ക് പ്രഥമപരിഗണന നൽകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു. ആശ്രയ

ഗുണഭോക്താക്കളുടെ എണ്ണം, അടിസ്ഥാനസൗകര്യങ്ങൾക്ക് ലഭിച്ച ആനുകൂല്യങ്ങൾ ഇവയുടെ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരങ്ങൾ

| ഇനം | ഒന്നാംഘട്ട പ്രോജക്റ്റ് | രണ്ടാംഘട്ട പ്രോജക്റ്റ് |
|---|---|---|
| ഗുണഭോക്താക്കളുടെ എണ്ണം | 40 | 85 |
| വീട് വെക്കാൻ സ്ഥലം ആവശ്യമുള്ളവർ | 38 | 54 |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | 9 | ഇല്ല |
| വീട് ആവശ്യമുള്ളവർ | 53 | 74 |
| വീട് ലഭിച്ചവർ | 36 | 1 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല | |
| ആനുകൂല്യം ലഭിച്ചവർ | - | - |
| കക്കൂസ് ആവശ്യമുള്ളവർ | 20 | 21 |
| നാളിതുവരെ ലഭിച്ചവർ | 20 | - |
| കുടിവെള്ളം ആവശ്യമുള്ളവർ | പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല | 21 |
| നാളിതുവരെ ലഭിച്ചവർ | 17 | ഇല്ല |
| കറന്റ് ആവശ്യമുള്ളവർ | പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല | 21 |

2.വിലയിരുത്തൽ സമിതികൾ നിഷ്ക്രിയം

ലഭ്യമാക്കിയ വിവരങ്ങളിൽ നിന്ന് അഗതികുടുംബങ്ങളുടെ അടിസ്ഥാനആവശ്യങ്ങൾ സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല എന്ന് വ്യക്തമാകുന്നു. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം ആശ്രയപദ്ധതി മോണിറ്ററിംഗിനായി ഒരു വിലയിരുത്തൽ ഉപസമിതി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അങ്കണവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള ഈ സമിതി ആശ്രയപ്രോജക്ടുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമിതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ വിധത്തിലുള്ള വിലയിരുത്തലുകൾ ഭരണസമിതിയുടെ ഭാഗത്തു നിന്നോ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്നോ ഉണ്ടാകുന്നില്ല. ചലഞ്ച് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയിൽ നിന്ന് ഭക്ഷണം നടത്തുന്ന എന്നല്ലാതെ മറ്റ് അടിസ്ഥാന ആവശ്യങ്ങളോ, അതിജീവനാവശ്യങ്ങളോ പരിഹരിക്കപ്പെടാത്തത് അത്യന്തം ഗൗരവമായി ഓഡിറ്റ് വിലയിരുത്തുന്നു. ഒന്നാം ഘട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പുനർനിർണ്ണയിക്കേണ്ടതും അടിസ്ഥാന ആവശ്യങ്ങൾക്ക് അർഹരായവരെ അതാത് ഗുണഭോക്തൃപട്ടികയുടെ ആദ്യഗുണഭോക്താക്കളായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3.ചലഞ്ച് ഫണ്ട് -നീക്കിയിപ്പ് വിവരം

കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് അഗതി ആശ്രയ പദ്ധതിക്കായുള്ള ഒന്നാം ഘട്ട ചലഞ്ച് ഫണ്ടിനത്തിൽ 11,90,260രൂപയും രണ്ടാം ഘട്ടചലഞ്ച് ഫണ്ടിനത്തിൽ 436000+രൂപയും ആണ് ലഭിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ 31-3-2017ൽ 267265 രൂപ അവശേഷിക്കുന്നു. ഇതിൽ 2,50,000 ഒരു ഗുണഭോക്താവിന് വീട് നിർമ്മാണത്തിനായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതമാണ്. ചലഞ്ച് ഫണ്ട് ഇനത്തിൽ വെറും 17265 രൂപമാത്രമേ അവശേഷിക്കുന്നുള്ളൂ. ഫണ്ടിന്റെ അപര്യാപ്തതക്ക് കാരണം പരിശോധനാവിധേയമാക്കേണ്ടതാണ്.

4.അനർഹരെ ഒഴിവാക്കണം

12-ാം പദ്ധതി മാർഗ്ഗരേഖപ്രകാരം ആശ്രയകുടുംബങ്ങളെ കണ്ടെത്തുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം അല്ലാതുള്ള കുടുംബങ്ങൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്ന് ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വെള്ളക്കരത്തിന്റെ കുടിശ്ശിക- തനതു ഫണ്ടിന് അധിക ബാദ്ധ്യത

കേരള വാട്ടർ അതോറിറ്റി ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 07.03.17ലെ ബിൽ പ്രകാരം കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 03/2017 ലെ പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക 6861659 /- രൂപയാണ്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അനേകം കുടുംബങ്ങൾ തിങ്ങി പാർക്കുന്നതും രൂക്ഷമായ ശുദ്ധജല ക്ഷാമം നേരിടുന്ന പ്രദേശമാണ് കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്. ഇക്കാരണത്താൽ തന്നെ പൊതു ടാപ്പുകളിലൂടെയുള്ള ശുദ്ധജല വിതരണം പഞ്ചായത്തിന് ഒഴിച്ചു കൂടാനാകാത്ത ഘടകമായി നിലനിൽക്കുമ്പോഴും ഭീമമായ കുടിവെള്ള കരത്തിന്റെ കുടിശ്ശിക തനതു ഫണ്ടിന് അധിക ബാദ്ധ്യത ഉണ്ടാക്കുന്നു. വാട്ടർ അതോറിറ്റിയുടെ കണക്കു പ്രകാരം 02/2015മുതൽ മാത്രമാണ് പ്രതിമാസ ഡിമാൻഡായ 185938/- രൂപ കൃത്യമായി അടച്ചു വരുന്നത്. മുൻ വർങ്ങളിൽ സർക്കാർ ഗ്രാന്റിൽ നിന്നും കുറവു വരുത്തി കുടിശ്ശിക ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും പ്രതിമാസ ഡിമാൻഡ് കൃത്യമായി അടയ്ക്കാത്ത കാരണം ഭീമമായ കുടിശ്ശിക നിലനിൽക്കുന്ന അവസ്ഥ യാണുള്ളത്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും സംരക്ഷണവും സംബന്ധിച്ച 30.05.2009 ലെ സ.ഉ.(സാധാ)നം.1275/2009 /ത.സ്വ.ഭ.വ ഉത്തരവു പ്രകാരം ബിപിഎൽ വിഭാഗങ്ങൾക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കി പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ/11.12.2016നം. സബ്സിഡി മാർഗ്ഗ രേഖ പ്രകാരം എല്ലാ വിഭാഗങ്ങളിലുമുള്ളവർക്ക് ഗാർഹിക കണക്ഷൻ ലഭ്യമാക്കുവാനുള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്. എന്നാൽ ഈ ഉത്തരവുകൾക്കനുസൃതമായ നടപടികൾ സ്വീകരിച്ച് പൊതു ടാപ്പുകളുടെ എണ്ണം കുറച്ച് ഗാർഹിക കണക്ഷനുകൾ പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.2/08.06.2017ന് ഉള്ള മറുപടിയിൽ കണക്ഷൻ എടുക്കുന്നതിന് സബ്സിഡി ലഭിക്കുമെങ്കിലും വെള്ളക്കരം ഗുണഭോക്താവ് തന്നെ വഹിക്കേണ്ട സാഹചര്യത്തിൽ ഗാർഹിക കണക്ഷൻ എടുക്കുവാൻ ആരും തയ്യാറാകാത്ത തിനാലാണ് ഉത്തരവ് പൂർണ്ണമായും നടപ്പാക്കാൻ സാധിക്കാത്തതെന്ന് മറുപടി നല്കി. 2017-18 ൽ 10 ലക്ഷം രൂപ ഗാർഹിക കണക്ഷൻ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

പൊതു ടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കുവാൻ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ച് ഉപയോഗപ്രദമായ ടാപ്പുകളുടെ മാത്രം തുക അടയ്ക്കുകയും കുടിശ്ശിക നിവാരണത്തിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-3 പാലിയേറ്റീവ് കെയർ- മരുന്നും ഉപകരണങ്ങളും ലഭിച്ചിട്ടില്ല

2016-17സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) കണ്ടല്ലൂർ നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ (പ്രോജക്ട് നം- എസ് S0029/17, പ്രോജക്ട് നം- എസ് S0030/17) ഭാഗമായി മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം അഡ്വാൻസ് തുക വിവിധ സ്ഥാപനങ്ങൾക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരമുള്ള മരുന്ന് നാളിതുവരെ ലഭ്യമാക്കുകയോ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾ കൈപ്പററിയതിന്റെ വിവരങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | തുക | വൗച്ചർ നം. | ബിൽ നം. & തിയതി |
|---|---|---|---|---|
| 01 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 100000 | 173/16-17 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് 100000/രൂ ബിൽ നം.1/16-17-തീയതി.22.03.17 |
| 02 | ഔഷധി,തൃശ്ശൂർ | 10000 | 175/16-17 | വികസന ഫണ്ട് 10000/- രൂ. ബിൽ നം. 03/16-17 തീയതി.13.03.17 |
| 03 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 29000 | 214/16-17 | വികസന ഫണ്ട് 29000 /-രൂ ബിൽ നം.08/16-17 തീയതി. 22.03.17 |
| 04 | ഹോമിയോ ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ | 1000 | 214/16-17 | വികസന ഫണ്ട് 1000/-രൂ ബിൽ നം.7/16-17 തീയതി. 22.03.17 |
| 05 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 50000 | 215/16-17 | വികസന ഫണ്ട് 50000/-രൂ ബിൽ നം.9/16-17 തീയതി. 22.03.17 |
| 06 | കേരള സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 40000 | 216/16-17 | വികസന ഫണ്ട് 40000/-രൂ ബിൽ നം.10/16-17 തീയതി. 22.03.17 |
| 07 | കാരുണ്യകമ്മ്യൂണിറ്റി ഫാർമസി,ഹരിപ്പാട് (ഉപകരണങ്ങൾ) | 39999 | 217/16-17 | വികസന ഫണ്ട്39999/-രൂ ബിൽ നം.13/16-17 തീയതി. 31.03.17 |
| 08 | കാരുണ്യകമ്മ്യൂണിറ്റി ഫാർമസി, ഹരിപ്പാട് (ഉപകരണങ്ങൾ) | 37000 | 218/16-17 | വികസന ഫണ്ട് 37000/-രൂ ബിൽ നം.14/16-17 തീയതി. 30.03.17 |
| | ആകെ | 306999/- | | |

മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ എൻക്വയറി നം.7 തീയതി 8.06.17 ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നു ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് മരുന്നു ലഭ്യമാക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. പണം നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന്/ഉപകരണങ്ങൾ ലഭ്യമാക്കാത്തതിനാൽ ലഭ്യമാകാത്ത മരുന്നിന്റെ/ ഉപകരണങ്ങളുടെ വില 306999/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 ഹോമിയോ മരുന്നു വാങ്ങൽ - മരുന്നുപൂർണ്ണമായും ലഭ്യമായില്ല

S0021/17 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 100000/- രൂപ (ബിൽ നമ്പർ 1-16/17 തീ.26.12.16 ) ഹോംകോയ്ക്ക് നൽകിയെങ്കിലും 57628/- രൂപയുടെ മരുന്നുകളാണ് ലഭ്യമാക്കിയത്. ബാക്കിയുള്ള 42372/-രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുന്ന തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം എൻക്വയറി നം.6 തീയതി 8.06.17 നൽകിയതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതിൽ മരുന്നുകൾ ഉടനെ ലഭ്യമാക്കുന്നതാണെന്ന് ഹോംകോയിൽ നിന്നും അറിയിപ്പു ലഭിച്ചതായി മറുപടി ലഭ്യമാക്കി. പണം നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നു ലഭ്യമാക്കാത്തതിനാൽ ലഭ്യമാകാത്ത മരുന്നിന്റെ വില 42372/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-5 ആയുർവേദാശുപത്രികൾക്ക് മരുന്നു വാങ്ങൽ-മരുന്ന് ലഭ്യത പൂർണ്ണമല്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ സൂതികാപരിചരണം എന്ന പ്രോജക്ടിനായി 1,00,000 രൂപയും, ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിനായി 8,00,000 രൂപയും ഔഷധിക്ക് നൽകിയിരുന്നു. എന്നാൽ താഴെ പറയും പ്രകാരമുള്ള മരുന്നുകൾ മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ.

സൂതികാ പരിചരണം

| ബിൽ.നം.&തീയതി | തുക | ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നിന്റെ വില | ബാക്കി |
|---|---|---|---|
| 1/2017തീ.25-11-2016 | 100000 | 97335 | 2665രൂപ |

ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ

| ബിൽ.നം.&തീയതി | തുക | ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നിന്റെ വില | ബാക്കി |
|---|---|---|---|
| 2/2017തീ.25-11-2016 | 800000 | 781331 | 18669രൂപ |

അഡ്വാൻസായി തുക നൽകി ആറുമാസത്തോളമായിട്ടും മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. ലഭിക്കാനുള്ള മരുന്നിന്റെ വില 21334/- രൂപ നിരാകരിക്കുന്നു.

## 3-6 സംയുക്തപ്രോജക്ടുകളുടെ നടത്തിപ്പ് -സർക്കാർ ഉത്തരവ് പാലിച്ചില്ല

GO(P)No.7/2017തീയതി 23-1-2017 പ്രകാരം സംയുക്തപ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളിൽ പലതും പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല.

1.പ്രസ്തുത പ്രോജക്ടുകൾക്കായുള്ള തുക ഒരു പ്രത്യേക അക്കൗണ്ട് വഴി വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചെങ്കിലും താഴെ പറയുന്ന തുകകൾ പഞ്ചായത്തിന്റെ മറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു.

| പ്രോജക്ടിന്റെ പേര് | തുക നൽകിയ സ്ഥാപനം | തുക | ചെലവഴിച്ച തുക | ബാക്കി | അക്കൗണ്ട് വിവരം |
|---|---|---|---|---|---|
| മുട്ടം മാടമ്പിൽ റോഡ് | മുതുകുളം ബ്ലോക്ക് | 512000 | ഇല്ല | 512000 | തനതുഫണ്ട് |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്ത് | | | | |
| മയക്കമരുന്ന് ബോധവത്കരണത്തിനായുള്ള എക്സൈസ് വിഹിതം | എക്സൈസ് വകുപ്പ് | 25000 | ഇല്ല | 25000 | തനതുഫണ്ട് |

2.മാർച്ച് 31 നകം ചെലവഴിക്കാൻ സാധിക്കാത്ത തുക അതാത് സ്ഥാപനത്തിന് കൈമാറണമെന്ന നിർദ്ദേശിച്ചിരുന്നു എങ്കിലും താഴെ പറയുന്ന പ്രോജക്ടുകളുടെ തുകകൾ നാളിതുവരെ ചെലവഴിക്കുകയോ മാതൃസ്ഥാപനത്തിന് കൈമാറുകയോ ചെയ്തിട്ടില്ല.

| പ്രോജക്ടിന്റെ പേര് | തുക നൽകിയ സ്ഥാപനം | തുക | ചെലവഴിച്ചതുക | ബാക്കി | അക്കൗണ്ട് വിവരം |
|---|---|---|---|---|---|
| മുട്ടം മാടമ്പിൽ റോഡ് | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 512000 | ഇല്ല | 512000 | തനതുഫണ്ട് |
| ഭിന്നശേഷി ക്കാർക്കുള്ള സ്കോളർഷിപ്പ് | ജില്ലാപഞ്ചായത്ത് | 140000 | 132900 | 7100 | ജോയ്ന്റ് അക്കൗണ്ട് |
| പുന്നപ്ര കേശവൻ റോഡ് | മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | 210000 | ഇല്ല | 210000 | ജോയിന്റ് അക്കൗണ്ട് |
| മയക്കമരുന്ന് ബോധവത്കരണത്തിനായുള്ള എക്സൈസ് വിഹിതം | എക്സൈസ് വകുപ്പ് | 25000 | ഇല്ല | 25000 | തനതുഫണ്ട് |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-7 ഓണം അഡ്വാൻസ് അനുവദിച്ചത് തിരികെ ലഭിച്ചില്ല (ചെക്ക് നം.16498/6.9.16--എ.ഡി.സി.ബി)

ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റായിരുന്ന ശ്രീമതി.മിനി ശ്രീധറിന് ഓണം അഡ്വാൻസ് അനുവദിച്ച 15,000/- രൂപയിൽ 9000 /- രൂപ തിരികെ ലഭിച്ചിട്ടില്ല. ടിയാൾ സ്ഥലം മാറ്റം ലഭിച്ച് പോയ കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമ പഞ്ചായത്തിന് 08.02.17 ലെ എ3/4388/16(3) നം. കത്ത് പ്രകാരം അറിയിപ്പ് നൽകിട്ടും തുക ഇതുവരേയും ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് നല്കിയിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണം നം.9/09.06.2017 ന് മറുപടി നല്കിയിരിക്കുന്നു. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിന് നഷ്ടമായ തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-8 അംഗൻവാടി കെട്ടിടങ്ങൾ ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നു

സർക്കുലർ നം.31055/ഡി.സി.2/2011 ത.സ്വ.ഭ.വ22-3-2011 പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതുപ്രകാരം എല്ലാ വർഷവും മേയ്.10നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസിയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാവർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ, അങ്കണവാടി വർക്കർമാർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർക്കേണ്ടതും, സ്ഥിതി വിലയിരുത്തി സമയബന്ധിതമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. എല്ലാ സ്ഥാപനങ്ങൾക്കും മേയ്.30 നകം ഫിറ്റ്നെസ്സ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിൽ സ്വന്തമായി കെട്ടിടമുള്ള 10

അങ്കണവാടികളും, വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന 16 അങ്കണവാടികളുമാണ് ഉള്ളത്. എന്നാൽ ഇവയ്യൊന്നിനും 2016-17 വർഷം ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ഭരണസമതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി വിവരശേഖരണം 2005-2006-ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കി യിട്ടുള്ളതാണ്. എന്നാൽ ഇതിൽ പലവിധത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനായി 13-01-2010 ൽ 58608/DB2/2009/LSGD സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. കണ്ടല്ലൂർഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധനയിൽ, രജിസ്റ്ററിൽ റോഡുകളുടെ നീളം, വീതി, കാര്യേജ് വേ ഇവ കൃത്യമായി കാണിക്കാതിരിക്കുക, ഒരു റോഡ് പല റോഡുകളായി മുറിച്ചുകാണിക്കുക, കെട്ടിടങ്ങളുടെ പൂർണ്ണവുമായ വിവരണം നൽകാതിരിക്കുക, ആസ്തികൾ നിർമ്മിച്ച വർഷം, ചെലവുതുക ഇവ രേഖപ്പെടുത്താതിരിക്കുക, നിലവിലുള്ള ആസ്തികളിൽ പലതും രജിസ്റ്ററിൽ ഉൾപ്പെടുത്താതിരിക്കുക തുടങ്ങി അനേകം അപാകതകൾ ഇപ്പോഴും പരിഹരിക്കപ്പെടാതെയുണ്ട്. 2004-05വർഷത്തിനു ശേഷം ആർജ്ജിച്ച ആസ്തികൾ ഒന്നുംതന്നെ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണസ്വാപനത്തിന്റെ അധീനതയിലുള്ള പുറംമ്പോക്ക്ഭൂമിയുടെ വിവരങ്ങൾ പ്രത്യേകഫാറത്തിൽ തയ്യാറാക്കുന്ന തിന് നിർദ്ദേശിച്ചിരുന്നു എങ്കിലും അതും പ്രാവർത്തികമാക്കിയിട്ടില്ല.

2016സാമ്പത്തിക വർഷാരംഭത്തിൽ മൊബൈൽ മാപ്പിംഗ് വഴി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിന് കർശ്ശന നിർദ്ദേശം നൽകിയിരുന്നു. പഞ്ചായത്തിന്റെ 17-6-2016ലെ 6-ാം നമ്പർ തീരുമാനപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനായി ഒരു ഓഡോമീറ്ററും, ടേപ്പുകളും വാങ്ങുന്നതിനും 6(1) തീരുമാനപ്രകാരം മൊബൈൽഫോണും കണക്ഷനും എടുക്കുന്നതിനും തീരുമാനിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി ടെക്നിക്കൽ അസ്സിസ്റ്റന്റിനേയും, ഹെഡ്ക്ലാർക്കിനേയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ തീരുമാനങ്ങൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യമായ കണക്കുകൾ വാർഷികകണക്കിന്റെ കൃത്യതക്ക് ആവശ്യമാണ്. എന്നിട്ടും ആസ്തിരജിസ്റ്ററിലെ അപാകത പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തുകയും അവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-10 കെ.എസ്.ഇ.ബിയുമായി ഏർപ്പെട്ട കരാർ പഞ്ചായത്തിന്റെ താൽപ്പര്യങ്ങൾക്കു വിരുദ്ധം

പ്രോജക്ട് നം.95/16-17 തെരുവു വിളക്ക് -മീറ്റർ സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ

അടങ്കൽ. 1171214/-

ചെലവ്. 1171214/-

ബിൽ നം. 24/31.03.17---370104/-

28/31.03.17----801110/-

വിവിധ വാർഡുകളിൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ നടത്തുന്നതിനുമായി കെ.എസ്.ഇ.ബി യുടെ കായംകുളം വെസ്റ്റ് സെക്ഷനിൽ 8,42,804/- രൂപയും മുതുകുളം സെക്ഷനിൽ 3,28,410 /-രൂപയുമായി ആകെ 1171214/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കിയിട്ടുണ്ട്. ഇരു സെക്ഷനുകളിലേയും അധികൃതരുമായി 31.03.17 ൽ സെക്രട്ടറി ഏർപ്പെട്ട കരാറിലെ 6-ാം നമ്പർ വ്യവസ്ഥ പ്രകാരം ആവശ്യമായ മെറ്റീരിയൽസ് ലഭിച്ചാലുടൻ പണി പൂർത്തിയാക്കി 2 ആഴ്ച്ചയ്ക്കുള്ളിൽ പൂർത്തീകരണ സർട്ടിഫിക്കറ്റും

ധനവിനിയോഗ സാക്ഷ്യപത്രവും പഞ്ചായത്തിന് നല്കാമെന്ന് കെ.എസ്.ഇ.ബി ഉറപ്പു നല്കിയിരിക്കുന്നു.

സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുക എന്നത് നിർവ്വഹണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമായിരിക്കെ, നിശ്ചിതമായ പൂർത്തീകരണ കാലാവധി വ്യവസ്ഥ ചെയ്യാതെ പഞ്ചായത്തിന്റെ താൽപ്പര്യങ്ങൾക്കു വിരുദ്ധമായ കരാറിൽ ഏർപ്പെടുക വഴി പ്രവൃത്തിയിന്മേൽ പഞ്ചായത്തിന് നിയന്ത്രണം ലഭിക്കാതെ സമയ ക്ലിപ്തത നിയമാനുസൃതമായി ചോദ്യം ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത് .

കെ.എസ്.ഇ.ബി യുമായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കരാർ വയ്ക്കാത്തതിനുള്ള കാരണവും പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/08.06.17) തദ്ദേശ സ്വയം ഭരണ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള കരാർ വയ്ക്കുവാൻ പഞ്ചായത്ത് നിരന്തരം ആവശ്യപ്പെട്ടുവെങ്കിലും കെ.എസ്.ഇ.ബിയ്ക്ക് ഇത്തരത്തിൽ കരാർ വയ്ക്കുവാൻ വ്യവസ്ഥയില്ലെന്ന് പറഞ്ഞ് കരാർ വയ്ക്കുന്നതിന് ബന്ധപ്പെട്ട ഓഫീസ് വിസമ്മതമറിയിച്ചു എന്നും ഏപ്രിൽ മാസം ആരംഭിച്ച മീറ്റർ സ്ഥാപിക്കൽ, സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾ ജൂലൈ മാസം പൂർത്തിയാകും എന്നാണ് അറിയിച്ചത്.

മറ്റു നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെടേണ്ട സാഹചര്യത്തിൽ പഞ്ചായത്തിന് അനുകൂലമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പദ്ധതി പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം .27/17

അടങ്കൽ - 12,50,000/-

ചെലവ് - 168750/-

ബിൽ നം. -01/2016-17/31.03.17

ഹരിപ്പാട് സർക്കിൾ കാഫ് ഫീഡ് വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ കന്നു കുട്ടി പരിപാലനം എന്ന പദ്ധതിയ്ക്കായി 27 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതം 1,68,750/-രൂപ കണ്ടല്ലൂർ വെറ്ററിനറി സർജൻ മുഖേന അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രം ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. പുതിയ വിള തെക്ക് ക്ഷീരോല്പാദക സഹകരണ സംഘത്തെ (A52D)യാണ് പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തത്. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.12/12.06.2017 ന് സംസ്ഥാന വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ ചെലവു രേഖകളുടെ അഭാവത്തിൽ 1,68,750/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിശദമായ ചെലവു രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 വസ്തു ആർജ്ജിക്കൽ അപാകതകൾ -മരാമത്ത് പണികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കേണ്ടി വരുന്നു

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്ത് പണികൾ ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് സ്ഥലലഭ്യത ഉറപ്പുവരുത്തണമെന്നും, സ്ഥലലഭ്യത ഉറപ്പുവരുത്താതെ കരാറിൽ ഏർപ്പെടാൻ പാടില്ല എന്നും നിഷ്കർഷിച്ചിരുന്നു. കോലെടുത്ത് വാഴവേലിൽ റോഡ് മെറ്റലിംഗ്-പാർശ്വഭിത്തി, ഓടനിർമ്മാണം എന്ന പ്രവർത്തിയിൽ എഗ്രിമെന്റ് പ്രകാരം റോഡ് നിർമ്മാണത്തിന് 234727.46രൂപയും സൈഡ് വാൾ നിർമ്മാണത്തിന് 313446രൂപയും ഓടനിർമ്മാണത്തിന്. 71824/- രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പ്രവർത്തി നടപ്പിലാക്കിയപ്പോൾ ഓടനിർമ്മാണം നടപ്പിലാക്കാതെ പണി അവസാനിപ്പിച്ച് കംപ്ളീഷൻ സർഫിക്കറ്റ് നൽകുകയും നടപ്പിലാക്കിയ വർക്കിന്റെ മൂല്യം കണക്കാക്കി ചെലവു നടത്തുകയും ചെയ്തു. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ഓടയിലെ വെള്ളം ഒഴുകി വീഴുന്ന വസ്തുവിന്റെ ഉടമസ്ഥന്റെ എതിർപ്പുമൂലമാണ് ഓടനിർമ്മാണം ഉപേക്ഷിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് വസ്തു ആർജ്ജിക്കുന്നതിനായി വസ്തു ഉടമകളിൽ നിന്ന് ലാന്റ് റിലിംഗ് മെന്റ് ഫാറം വാങ്ങുന്നതല്ലാതെ അതിന്റെ തുടർനടപടികൾ നടത്തുന്നില്ല. പഞ്ചായത്തിന് കൈമാറിക്കിട്ടിയ വസ്തുക്കൾ പഞ്ചായത്തിന്റെ പേരിൽ

കുട്ടി കരം അടച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-13 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് -സംയുക്ത പരിശോധന അനിവാര്യം

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പഞ്ചായത്ത് പ്രതിമാസം 46964/- രൂപയാണ് അടയ്ക്കുന്നത്. കെ.എസ്.ഇ.ബി യുടെ താരിഫ് പ്രകാരമുള്ള തുകയാണിത്. ഇതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വാട്ട്സ് | എണ്ണം | നിരക്ക് | ഈടാക്കുന്ന വൈദ്യുതി ചാർജ് |
|---|---|---|---|---|---|
| 1 | സാധാരണ ബൾബ് | 40 | 178 | 61 | 10858 |
| 2 | സാധാരണ ബൾബ് | 60 | 139 | 94 | 13066 |
| 3 | സാധാരണ ബൾബ് | 100 | 6 | 155 | 930 |
| 4 | ഫ്ലൂറസന്റ് ട്യൂബ് | 40 | 6 | 61 | 366 |
| 5 | ഫ്ലൂറസന്റ് ട്യൂബ് | 80 | 114 | 124 | 14136 |
| 6 | എസ്.വി ലാമ്പ് | 250 | 11 | 414 | 4554 |
| 7 | എസ്.വി ലാമ്പ് | 150 | 8 | 247 | 1976 |
| 8 | സി.എഫ്.എൽ | 22 | 14 | 14 | 196 |
| 9 | സി.എഫ്.എൽ | 22 | 45 | 14 | 630 |
| 10 | സി.എഫ്.എൽ | 18 | 21 | 12 | 252 |
| | | | | ആകെ | 46964 |

താരിഫ് പ്രകാരം 323 സാധാരണ ബൾബുകൾക്ക് 24854/-രൂപയാണ് കെ.എസ്.ഇ.ബി പ്രതിമാസം ഈടാക്കുന്നത്. എന്നാൽ അടുത്ത സാമ്പത്തിക വർഷങ്ങളിലൊന്നും തന്നെ ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകൾക്കായി സാധാരണ ബൾബുകൾ വാങ്ങിയിട്ടില്ല. നിലവിൽ ഉപയോഗത്തിലില്ലാത്ത സാധാരണ ബൾബുകൾക്കായി 24854/- /- രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിയ്ക്കുന്നത് വരുമാന ശോഷണത്തിനു മാത്രമേ ഇട നല്കൂ.

തെരുവു വിളക്കുകൾക്ക് സി.എഫ്.എൽ സ്ഥാപിയ്ക്കുക എന്ന പദ്ധതി പ്രകാരം പഞ്ചായത്തിൽ നിന്നും വാങ്ങി സ്ഥാപിച്ചിട്ടുള്ള സി.എഫ്.എൽ വിളക്കുകളുടെ നിരക്ക് കണക്കാക്കിയിരുന്നുവെങ്കിൽ വളരെ കുറഞ്ഞ തുക മാത്രമേ വൈദ്യുതി ചാർജായി അടയ്ക്കേണ്ടി വരുമായിരുന്നുള്ളൂ. വൈദ്യുതി ബോർഡുമായി ചേർന്ന് തെരുവു വിളക്കുകളുടെ സംയുക്ത പരിധോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തനത്തിൽ ഉള്ള വിളക്കുകൾക്കു മാത്രം വൈദ്യുതി ചാർജ് അടയ്ക്കുവാൻ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.1/08.06.2017 ന് മറുപടി നല്കി.

## 3-14 ഓഫീസ് ആവശ്യത്തിന് ബുക്ക് ചെയ്ത വാഹനം ലഭിച്ചിട്ടില്ല

പ്രോജക്ട് നം.99/16-17 ഓഫീസ് ആവശ്യത്തിന് വാഹനം വാങ്ങൽ

അടങ്കൽ. 10,00,000/-

ചെലവ് .9,03,647 /-

ബിൽ നം. 27/31.03.17

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഓഫീസ് ആവശ്യത്തിന് വാഹനം വാങ്ങൽ എന്ന പദ്ധതിയ്ക്കായി 25.03.17 ലെ പ്രഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ പോപ്പുലർ വെഹിക്കിൾസ് & സർവ്വീസസ്, കൊറ്റുകുളങ്ങര എന്ന സ്ഥാപനത്തിന് 9,03,647 /-രൂപ അക്കൗണ്ട് ട്രാൻസ്ഫർ വഴി നല്കിയിട്ടുണ്ട്. മാരുതിയുടെ വിറ്റാറ ബ്രസ്സാ എന്ന വാഹനമാണ് പഞ്ചായത്ത് ബുക്ക് ചെയ്തിരുന്നത്. എന്നാൽ ഇതുവരേയും വാഹനം ലഭിച്ചിട്ടില്ലാത്തതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണം നം.8/08.06.2017 നുള്ള മറുപടിയിൽ 14.03.2017 ന് അവസാന തീയതിയായി ഇ-ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും ടെൻഡറിൽ ആരും പങ്കെടുക്കാതിരുന്നില്ല എന്നും സാമ്പത്തിക വർഷാവസാനമായതിനാൽ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ 23.03.17 ലെ 3(48) നമ്പർ തീരുമാന പ്രകാരം ലഭിച്ച അനുമതിയുടെ അടിസ്ഥാനത്തിൽ മുൻകൂർ തുക ഒടുക്കി വാഹനം ബുക്കു ചെയ്യുകയായിരുന്നുവെന്നും അറിയിച്ചിട്ടുണ്ട് .

വാഹനം ലഭിച്ചിട്ടില്ലാത്തതിനാൽ 9,03,647 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാഹനം ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി -അവലോകനം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 75 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3742 |
| തൊഴിലിന് അപേക്ഷനൽകിയ കുടുംബങ്ങളുടെ എണ്ണം | 1426 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1426 |
| ആകെ പ്രവർത്തി ദിനങ്ങൾ | 100155 |
| 100തൊഴിൽദിനങ്ങൾ ലഭിച്ച വരുടെ എണ്ണം. | 400 |
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം. | 811 |
| അംഗീകാരം ലഭിച്ചപദ്ധതികളുടെ എണ്ണം. | 811 |
| തൻവർഷം പൂർത്തിയാക്കിയപദ്ധതികളുടെ എണ്ണം. | 324 |
| സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം. | 14 |
| വിവിധ മേഖലകളിലെ പ്രവർത്തികൾ | |
| ഭൂവികസനം. | 98 |

| | |
|---|---|
| മഴവെള്ളസംഭരണം. | 38 |
| ഐ.എ.വൈ. | 14 |
| തോടുകളുടെ നവീകരണം | 4 |
| ഐ.എച്ച്.എച്ച് എൽ(ഒ.ഡി.എഫ് ) | 140 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

1.RP -1ൽ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി 14,100/- രൂപ ഉൾപ്പെടുത്തിയിട്ടില്ല

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B 11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തിയുടെ കൃത്യത വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.

3.ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള നിർദ്ദേശം (ജി.ഒ.(എം.എസ്) 152/11/26.07.2011) നടപ്പാക്കിയിട്ടില്ല.

4-2.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 100000 | അഗതി ആശ്രയ പദ്ധതി (S0071/17) | 0 | 100000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 120000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (S0088/17) | 120000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 128789 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്(S0023/17) | 128789 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 300000 | കോലെടുത്ത് വാഴവേലിറോഡ്(S0051/17) | 300000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 512000 | മുട്ടം മാടമ്പി റോഡ്(S0049/17) | 0 | 512000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 210000 | പുന്നപ്ര കേശവൻ റോഡ്(S0054/17) | 0 | 210000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 100000 | ഇടശ്ശേരി വാക്കേശ്ശേര് റോഡ്(S0010/17) | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 140000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (S0023/17) | 132900 | 7100 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ്ലൈറ്റ് മീറ്റർ സ്ഥാപിക്കലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും (S00 95/17) | 21600746<br>21600758<br>21600776 | 1178610 | 0 | 1178610 |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | G.O.No.318/10/LSGD Dtd 28.01.2010 | 10185000 | 3617815 | 1142323 | 0 | 2475492 |

4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 316/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം.തീയതി |
|---|---|---|---|---|
| 1996-1997 | 2(32) | 100 | ഗോപകുമാർ.ജി, സെക്രട്ടറി | 11601102860 dtd. 29/11/2016 |
| 1999-2000 | 3(28) | 216 | ഗോപകുമാർ.ജി, സെക്രട്ടറി | 11601102860 dtd. 29/11/2016 |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2(7)<br>2(9)<br>2(14) | 2007-08 | 3.1.17<br>3.1.18<br>3.1.19 | അക്ഷയ കമ്പ്യൂട്ടർ സെന്റർ പദ്ധതി ബോധന കുടുംബശ്രീ- മുട്ടകോഴി വളർത്തൽ<br>അനുപമ കുടുംബശ്രീ -ആട് വളർത്തൽ | സി.എ.ആർ.എൽ ഉൾപ്പെടുത്തി |
| 2011-12<br>2012-13 | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടി ട്ടില്ല | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് | മറുപടി സമർപ്പി ച്ചിട്ടുണ്ട് |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 33793060 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34567198 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 370705 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1072397 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 306999 | ഡോ.നിസാം അലി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.കണ്ടല്ലൂർ |
| 3-5 | | 21334 | ഡോ. രജിതാശേഖർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദ ഹോസ്പിറ്റൽ, കണ്ടല്ലൂർ |

| | | | |
|---|---|---|---|
| 3-4 | | 42372 | ഡോ.ശ്രീകലാദേവി.എം.പി., മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 168750 | ഡോ.എസ്.വേണുഗോപാൽ, വെറ്ററിനറി സർജൻ |
| 3-14 | 903647 | കെ.പ്രേംകുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.പ്രേംകുമാർ, | സെക്രട്ടറി,കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് | ചിദംബരം, പിലാപ്പുഴ സൗത്ത്, പരിപ്പാട് |
| ഡോ.നിസാംഅലി, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.കണ്ടല്ലൂർ | നിസാം മൻസിൽ, ചിങ്ങോലി.പി.ഒ |
| ഡോ. രജിതാശേഖർ, മെഡിക്കൽ ഓഫീസർ, | ആയൂർവ്വേദ ഹോസ്പിറ്റൽ, കണ്ടല്ലൂർ | |
| ഡോ. ശ്രീകലാദേവി.എം.പി., | മെഡിക്കൽ ഓഫീസർ, ഹോമിയോ | മംഗലത്ത് വീട്,കോക്കാട് പി.ഒ, കൊട്ടാരക്കര, കൊല്ലം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ് .ജി.എ 5-1832/11/30.01.12 |
| 2000-01 | എൽ.എഫ് .ജി.എ 5-1832/11/30.01.12 |

| | |
|---|---|
| 1999-00 (ചെലവ്) | എൽ.എഫ് .ജി.എ 5-1832/11/30.01.12 |
| 2000-01 മുതൽ 2004-05 വരെ | എൽ.എഫ് .ജി.എ 5-1832/11/30.01.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ് .ജി.എ 5-1577/12/16.05.14 |
| 2010-11 മുതൽ<br>2012-13 വരെ | എൽ.എഫ് .പി 4-163/14/29.03.14 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി4-695/16/27.6.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി4- 124/16/17.11.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി4/747/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 20-06-2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P4/747/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 20-06-2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Kandalloor Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Kandalloor Gramapanchayat for the year 2016-17 except the observations in my audit report para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha